## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3764. 30.01.2014 ൽ മറുപടിയ്ക്ക്.

### അങ്കമാലിയിൽ ടോറസുകളുടെ അമിതവേഗം നിയന്ത്രിക്കാൻ നടപടി

| ചോദ്യം<br>ശ്രീ. ജോസ് തെറ്റയിൽ | | ഉത്തരം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>( വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പമന്ത്രി) |
|---|---|---|
| (എ) അങ്കമാലി നിയോജകമണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ ടോറസുകളുടെയും ടിപ്പർ ലോറികളുടെയും രാത്രിയും പകലുമുള്ള അമിത ഭാരം കയറ്റിയുള്ള യാത്രയും അമിത വേഗവും നിയന്ത്രിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ; | (ബി) | പോലീസ് പട്രോളിംഗ്, പ്രത്യേക ചെക്കിംഗ് പ്രോഗ്രാം, റീജിണൽ ട്രാൻസ്പോർട്ട് ഓഫീസറുടെ എൻഫോഴ്സ്മെന്റ് സ്ക്വാഡിന്റെ സേവനം പ്രയോജനപ്പെടുത്തി കർശന വാഹന പരിശോധന മുതലായവ നടത്തുകയും നിയമലംഘനങ്ങൾക്ക് പിഴ ഈടാക്കുകയും ചെയ്യുന്നുണ്ട്. 2013 ജനവരി മുതൽ 2014 ജനവരി വരെ അങ്കമാലി പോലീസ് സ്റ്റേഷൻ അതിർത്തിയിൽപ്പെട്ട സ്ഥലങ്ങളിൽ അമിത ഭാരം കയറ്റി വന്നതും അമിത വേഗതയിൽ ഓടിച്ചതുമായ ടിപ്പർ, ടോറസ് എന്നിവയിലെ 167 ഡ്രൈവർമാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (സി) ഇതു സംബന്ധിച്ച് പഞ്ചായത്തുകളിൽ നിന്നും പരാതി ലഭിച്ചിട്ടുണ്ടോ ; | (സി) | ഉണ്ട്. |
| (ഡി) ഉണ്ടെങ്കിൽ പരാതിയിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ? | (ഡി) | പ്രത്യേക ചെക്കിംഗ് പ്രോഗ്രാം മുഖേന മലയാറ്റൂർ - മഞ്ഞപ്ര പ്രദേശങ്ങളിൽ തുടർച്ചയായി വാഹന പരിശോധന നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ.